# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എം.ഫിൽ എൻവയോൺമെന്റ് മാനേജ്മെന്റ് ബിരുദത്തിന് എം.ഫിൽ ബോട്ടണി ബിരുദവുമായി തുല്യത അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ5 വിഭാഗം

സ.ഉ.നം. 6727/എസി.എ5/1/തുല്യത/2017/അക്കാദമിക് പി.ഡി.ഹിൽസ്, തീയതി: 13.11.2017

---

സൂചന:- 1) ശ്രീമതി ശിൽപ പി.എസ്. സമർപ്പിച്ച അപേക്ഷ തീയതി: 18.02.2016

2) ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ്, ബോട്ടണി (പി.ജി)-യുടെ അഭിപ്രായം തീയതി: 13.10.2016

3) ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ്-ന്റെ അഭിപ്രായം തീയതി: 18.01.2017

4) 14.08.2017-ന് കൂടിയ പ്രത്യേക അക്കാദമിക് കൗൺസിൽ യോഗം മിനുട്സ് ഇനം.നം. 66/Ac.17/17253

5) 23.10.2017-ന് കൂടിയ അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം മിനുട്സ് ഇനം. നം.01

## <u>ഉത്തരവ്</u>

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ നിന്നും എം.ഫിൽ എൻവയോൺമെന്റ് മാനേജ്മെന്റ് ബിരുദം നേടിയ ശിൽപ പി. എസ്., പ്രസ്തുത ബിരുദത്തിന് എം.ഫിൽ ബോട്ടണി ബിരുദവുമായി തുല്യത ആവശ്യപ്പെട്ട് സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

സൂചന (2)-ലെ ബോർഡ് ഓഫ് സ്റ്റഡീസ്, ബോട്ടണി (പി.ജി.) ചെയർമാന്റെ അഭിപ്രായത്തിൽ, എം.ഫിൽ എൻവയോൺമെന്റ് മാനേജ്മെന്റ് പ്രോഗ്രാമിന്റെ സിലബസ്, എം.ഫിൽ ബോട്ടണി പ്രോഗ്രാമിന്റെ സിലബസുമായി യാതൊരുവിധ സമാനതകളും പുലർത്തുന്നില്ല. കൂടാതെ അപേക്ഷകയുടെ എം.ഫിൽ പ്രബന്ധമായ Role of Earthworm Perionyx ceylanensis Mich. on Soil Carbon Dynamics-A Microcosm Study മണ്ണിരകളുടെ ഇക്കോളജിയുമായും അവയുടെ മണ്ണിലെ പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ട പഠനങ്ങളാകുന്നു. അതിനാൽ ഇരു പ്രോഗ്രാമുകൾക്കും തുല്യത നൽകാനാവില്ലെന്ന് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ അഭിപ്രായപ്പെട്ടു.

എന്നാൽ ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ്, ബോർഡ് ഓഫ് സ്റ്റഡീസ്, ചെയർമാന്റെ അഭിപ്രായത്തോട് വിയോജിച്ചുകൊണ്ട് അപേക്ഷക എം.എസ്.സി. ബോട്ടണി ബിരുദധാരിയാണെങ്കിൽ തുല്യത അനുവദിക്കാമെന്ന് സൂചന (3) പ്രകാരം ശിപാർശ ചെയ്തു.

അപേക്ഷക എം.എസ്.സി. ബോട്ടണി ബിരുദധാരിയാണ്. അതിനാൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എം.ഫിൽ എൻവയോൺമെന്റ് മാനേജ്മെന്റ് ബിരുദത്തിന് എം.ഫിൽ ബോട്ടണി ബിരുദവുമായി തുല്യത നൽകുന്ന വിഷയം ബഹു.വൈസ് ചാൻസലറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു.

(മറുപുറം)

അക്കാദമിക് കൗൺസിൽ യോഗം സൂചന (4) പ്രകാരം ശിൽപ പി. എസ്. നേടിയ എം.ഫിൽ എൻവയോൺമെന്റ് മാനേജ്മെന്റ് ബിരുദത്തിന് എം.ഫിൽ ബോട്ടണി ബിരുദവുമായി തുല്യത നൽകുന്ന വിഷയം അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കും ശിപാർശകൾക്കുമായി സമർപ്പിച്ചു.

അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം സൂചന (5) പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ശ്രീമതി ശിൽപ പി. എസ്. നേടിയ എം.ഫിൽ എൻവയോൺമെന്റ് മാനേജ്മെന്റ് ബിരുദത്തിന് എം.ഫിൽ ബോട്ടണി ബിരുദവുമായി തുല്യത നൽകുന്നതിന് ശിപാർശ ചെയ്തു.

അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽശിപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല നിയമം 1985, അദ്ധ്യായം 3, ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരമുപയോഗിച്ച് ബഹു: വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ദിലീപ് കുമാർ ആർ
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1. ശ്രീമതി ശിൽപ പി. എസ്.
2. വൈസ് ചാൻസലറുടെ /പ്രൊ വൈസ് ചാൻസലറുടെ പി.എസ്
3. രജിസ്ട്രാറുടെ പി.എ.
4. എ.ആർ III/ഡി. ആർ II/ജെ. ആർ. II (അക്കാദമിക്)
5. എ.സി.ഡി. /എ.സി.സി
6. കണ്ടന്റ് മാനേജ്മെന്റ് വിഭാഗം/ഐ ക്യൂ എ.സി.
7. കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. Ac AV/1/7617/2016